പെട്രോൾ, ഡീസൽ സെസ് വഴി ലഭ്യമാകുന്ന തുക

14 (*104) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിനും ഡീസലിനും പുതുതായി ഏർപ്പെടുത്തിയ സെസ് പ്രകാരമുള്ള തുകയിൽ എത്ര രൂപയാണ് പ്രതിവർഷം പൊതുമരാമത്ത് വകുപ്പിന് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തുക എപ്രകാരമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ&ബി) 2015-16 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ അധികവിൽപ്പന നികുതിയായി ലിറ്ററിന് ഒരു രൂപ എന്ന കണക്കിൽ നിശ്ചിത തീരുവ ചുമത്തുന്നതാണെന്നും ഇതിൽനിന്നും ലഭിക്കുന്ന അധിക നികുതി സ്വന്തം പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതിക്കായി വിനിയോഗിക്കുന്നതാണെന്നും വിജ്ഞാപനംവഴി സർക്കാരിന് ഈ നിരക്കിൽ വ്യതിയാനം വരുത്താവുന്നതും ഇതുവഴി 375 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നുവെന്നും പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചതുപ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ 'മെഗാ ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തി' കെ.ആർ.എഫ്.ബി. വഴി നടപ്പിലാക്കുന്നതിന് പദ്ധതി രേഖ തയ്യാറാക്കുകയും പ്രസ്തുത മെഗാ ഇൻഫ്രാസ്ട്രക്ചർ പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ പ്രഖ്യാപിച്ച ഇന്ധന അധിക വിൽപ്പന നികുതിയുടെ (ലിറ്ററിന് 1 രൂപ നിരക്കിൽ ഏർപ്പെടുത്തിയത്) 50% തുക റോഡ് ഫണ്ട് ബോർഡിന് കൈമാറേണ്ടതാണെന്നും നിർദ്ദേശിച്ചു. പ്രസ്തുത നിർദ്ദേശം 20-5-2015-ൽ ചേർന്ന മന്ത്രിസഭാ യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ചെലവഴിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ഇറക്കിയ G.O.(Rt.) No.801/2015/PWD dated TVM 10-6-2015* ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly